**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2176** **06.02.2019 ൽ മറുപടിയ്ക്ക്**

**ഐ.സി.ഡി.എസ് സൂപ്പർവൈസർ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ഡോ. എം.കെ. മുനീർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| കേന്ദ്ര സർക്കാരിന്റെ 15.09.2015 ലെ 1-2/ 2014-സിഡി1 നമ്പർ പരിപത്രം പ്രകാരം അമ്പതു ശതമാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികകൾ 10 വർഷത്തെ പ്രവൃത്തി പരിചയവും വിദ്യാഭ്യാസ യോഗ്യതയുമുള്ള അംഗൻവാടി വർക്കർമാർക്ക് നൽകണമെന്ന നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത് എന്ന് വിശദമാക്കാമോ? | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഐ.സി.ഡി.എസ്. പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം നിലവിൽ സ.ഉ (പി) നം.54/ 2010/SWD തീയതി 10.08.2010 ഉം സ.ഉ (പി) നം.78/2012/SWD തീയതി 27.12.2012 പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനം - 58%, എസ്.എസ്.എൽ.സി.യും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർ- 29%, ഡിഗ്രിയും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർ - 11%, വകുപ്പിലെ വിവിധ കാറ്റഗറികളിൽ നിന്നുള്ള പ്രൊമോഷൻ - 2% എന്നിങ്ങനെയുള്ള ക്രമപ്രകാരമാണ് നടത്തുന്നത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് സൂപ്പർവൈസർ തസ്തികയിലെ നിയമന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.